*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/3/SWS/HSE/2018** **11th May 2018**

# സർക്കുലർ

സൂചന : 1) ഇതേ നമ്പറിൽ മേയ് 8 ലെ സർക്കുലർ
2) GO(Rt) No. 1724/2018/G.Edn dated 08/05/2018

## ഏകജാലകപ്രവേശനം 2018 : പ്രിൻസിപ്പൽമാർക്കുള്ള നിർദേശങ്ങൾ

അപേക്ഷകരുടെ പരിചയക്കുറവ് മൂലം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ ആയവ സ്കൂളിൽ നിന്നുള്ള വെരിഫിക്കെഷൻ സമയത്ത് തിരുത്താവുന്നതാണ്. പ്രോസ്പക്ടസിലെ ഖണ്ഡിക 4, 5 പ്രകാരം സ്കൂളുകളിൽ പ്രവർത്തിക്കേണ്ട ഹെൽപ് ഡെസ്ക്കുകൾ ഫലപ്രദമായി നടത്തപ്പെടുന്നില്ല എന്ന തരത്തിൽ വിദ്യാർത്ഥികളിൽ നിന്നും രക്ഷകർത്താക്കളിൽ നിന്നും നിരവധി പരാതികൾ ഡയറക്ടറേറ്റിൽ ലഭിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും ഹെൽപ് ഡെസ്ക്കുകൾ ഫലപ്രദമായി നടക്കുന്നുണ്ടെന്നു പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്. ഏതെങ്കിലും ഹയർസെക്കണ്ടറി സ്കൂളിൽ ഏകജാലകത്തിൻെറ അടിസ്ഥാന ആശയത്തിനു വിരുദ്ധമായ രീതിയിലൂള്ള പ്രവർത്തനങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത്തരം സ്കൂൾ പ്രിൻസിപ്പൽമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. **സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ്/ ഇൻറർനെറ്റ് സൗകര്യവും വേണ്ടുന്ന മറ്റു മാർഗ്ഗ നിർദ്ദേശവും അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ അപേക്ഷകർക്കു നൽകുവാൻ അതതു പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

ഓൺലൈനായി സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിൻറും അനുബന്ധരേഖകളും സ്കൂളിൽ സമർപ്പിക്കുമ്പോൾ , സ്കൂൾതല ഹെൽപ് ഡെസ്കിലുള്ളവർ അപേക്ഷ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അപേക്ഷയിൽ തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ ആയവ അപേക്ഷകരെ ബോധ്യപ്പെടുത്തേണ്ടതും , ഓപ്ഷനുകൾ ഉൾപ്പടെ ഏതു തരത്തിലൂള്ള **തിരുത്തലുകൾക്കുമുള്ള അപേക്ഷ അനുബന്ധത്തിലെ മതൃകയിൽ** വെള്ളപേപ്പറിൽ പ്രത്യേകമായി രക്ഷകർത്താവിൻെറ ഒപ്പോടുകൂടി കൈപ്പറ്റി ഓൺലൈൻ അപേക്ഷ പ്രിൻറിനൊപ്പം സൂക്ഷിക്കേണ്ടതും അവ വെരിഫിക്കേഷൻ സമയത്ത് അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

മറ്റ് ജില്ലകളിൽ അപേക്ഷിക്കുന്നവർക്ക് , അപേക്ഷയുടെ പ്രിൻറൗട്ട് പ്രസ്തുത ജില്ലയിലെ ഏതെങ്കിലും സർക്കാർ/ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ നേരിട്ട് സമർപ്പിക്കുവാൻ കഴിയുമെങ്കിൽ Cash Paid To School എന്ന രീതിയിൽ

ഓൺലൈൻ ലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കൂളിൽ അപേക്ഷയുടെ പ്രിൻറൗട് നേരിട്ട് സമർപ്പിക്കുവാൻ കഴിയാത്തവർ മാത്രമാണ് ജില്ലയുടെ നിർദ്ദിഷ്ഠ സ്കൂൾ (**അനുബന്ധം 7** ) പ്രിൻസിപ്പാളിന് ( സ്കൂൾ അഡ്രസ്സ് ഉൾപ്പടെ) ഡിമാൻറ് ഡ്രാഫ്റ്റ് എടുത്തശേഷം ഓൺലൈൻ അപേക്ഷ സമർപ്പിച്ച് പ്രിൻറൗട്ടും അനുബന്ധരേഖകളും ഡിമാൻറ് ഡ്രാഫ്റ്റും തപാലിൽ അയച്ച് കൊടുക്കേണ്ടത്.

സ്കൂളുകളിൽ അപേക്ഷപ്രിൻറൗട്ട് സമർപ്പിക്കുമ്പോൾ അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിച്ചാൽ മതിയാകും. **അപേക്ഷയോടൊപ്പം എല്ലാത്തരം സർട്ടിഫിക്കറ്റുകളുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ മാത്രമേ സ്വീകരിക്കുവാൻ പാടുള്ളു.** അസ്സൽ സർട്ടിഫിക്കറ്റുകൾ അഡ്മിഷൻ നേടുന്ന അവസരത്തിൽ മാത്രം ഹാജരാക്കിയാൽ മതി.

**സൂചന സർക്കുലറിൻെറ രണ്ടാം ഖണ്ഡികയിൽ മാനേജ്മെൻറ്/കമ്മ്യൂണിറ്റി /അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശനത്തിനുള്ള അപേക്ഷകളുടെ ഫീസിനത്തിൽ 25 രൂപ മാത്രമേ ഈടാക്കാവു എന്നു നിർദ്ദേശിക്കുകയുണ്ടായി. മെരിറ്റ് ക്വാട്ടയിൽ അപേക്ഷാഫീസായി സ്വീകരിക്കുന്ന മുഴുവൻ തുകയും ( രൂപ 25 നിരക്കിൽ) എന്നാൽ മാനേജ്മെൻറ്/കമ്മ്യൂണിറ്റി /അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശനത്തിനായുള്ള അപേക്ഷാഫീസിൽ പകുതി തുകയും(12 രൂപ 50 പൈസ നിരക്കിൽ) സർക്കാർ ഖജനാവിൽ അതത് ദിവസം ഒടുക്കി പ്രസ്തുത വിവരം അന്നേദിവസം തന്നെ** Treasury Transaction Module **കൂടി അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.**

**വിഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ജില്ലാതല കൗൺസലിങ്ങിനെ സംബന്ധിച്ച വിശദ വിവരങ്ങൾ മേയ് 14 ന് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ജില്ലാതല കൗൺസലിങ് കഴിഞ്ഞശേഷം മാത്രം ഏകജാലക അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്.**

**ഒപ്പ്**

**പി.കെ.സുധീർബാബു ഐ.എ.എസ്സ്**
**ഡയറക്ടർ**